## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2713      19.07.2011-ൽ മറുപടിക്ക്.

### ഹെലികോപ്ടർ സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. എ. റ്റി. ജോർജ്ജ് : | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ചെറുകിട വിമാനത്താവളങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തിനകത്ത് ആകാശമാർഗ്ഗേയുള്ള ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിന് ഒരു സംസ്ഥാന വ്യോമയാന പദ്ധതി രൂപപ്പെടുത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന വ്യോമയാന പദ്ധതിയുടെ മുഖ്യ സവിശേഷതകളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുവാൻ നിലവിലുള്ള എയർപോർട്ടുകളുമായും ജില്ലാ ഭരണകുടങ്ങളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ഗതാഗത വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി 16.5.2011-ന് യോഗം ചേരുകയും പദ്ധതി നടത്തിപ്പിന്റെ വിവിധ വശങ്ങൾ ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരോടും എയർപോർട്ട് ഡയറക്ടർമാരോടും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇടുക്കി, വയനാട് മേഖലകളെ സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളുമായി ബന്ധിപ്പിച്ച് ഹെലികോപ്ടർ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയോ; | (ബി) | സംസ്ഥാന വ്യോമയാന പദ്ധതി രൂപീകരിക്കുമ്പോൾ അതിൽ ഇടുക്കി, വയനാട് ജില്ലകളിലേക്കുള്ള ഹെലികോപ്ടർ സർവ്വീസും ഉൾപ്പെടുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ വ്യോമഗതാഗത സാദ്ധ്യതകൾ പരിഗണിച്ച് ഹെലികോപ്റ്റർ സർവ്വീസുകൾ നഗരങ്ങളെയും ചെറുകിട പട്ടണങ്ങളേയും ബന്ധിപ്പിച്ച് ആരംഭിക്കാൻ നടപടി സ്വികരിക്കുമോ ? | (സി) | സംസ്ഥാന വ്യോമയാന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിനുള്ളിൽ പട്ടണങ്ങളേയും, ഗതാഗത സൗകര്യങ്ങൾ കുറഞ്ഞ ഉൾനാടൻ, മലയോര പ്രദേശങ്ങളേയും ആകാശമാർഗ്ഗം ബന്ധപ്പെടുത്തി വിമാന, ഹെലികോപ്ടർ Amphibian വിമാന സർവ്വീസുകൾ നടത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.